(ii) രേഖാമൂലം നൽകിയ ഉത്തരങ്ങൾ

(1) നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ

പൊതുവിതരണശൃംഖലയെ ശക്തിപ്പെടുത്തുവാൻ നടപടി

3 [*42] ശ്രീ. ഷിബു ബേബി ജോൺ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പൊതുവിതരണ രംഗത്തെ ശക്തിപ്പെടുത്തി നിത്യോപയോഗ സാധനങ്ങളുടെ വില നിയന്ത്രിക്കുവാൻ ഏതെല്ലാം സ്ഥാപനങ്ങൾ ആരംഭിച്ചുവെന്നും, എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്നും വിശദമാക്കാമോ;

(ബി) ഇനി എന്തെല്ലാം നടപടികൾ സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നുവെന്ന് വ്യക്തമാക്കുമോ?

ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃകാര്യവും വകുപ്പുമന്ത്രി (ശ്രീ. അടൂർ പ്രകാശ്): (എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പൊതുവിതരണ രംഗത്തെ ശക്തിപ്പെടുത്തി നിത്യോപയോഗ സാധനങ്ങളുടെ വില നിയന്ത്രിക്കുന്നതിന്റെ ഭാഗമായി താഴെപ്പറയുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട്:

1. അന്ത്യോദയ അന്നയോജന, അന്നപൂർണ്ണ, ബി.പി.എൽ. എന്നീ വിവിധ പദ്ധതികൾ പ്രകാരം കുറഞ്ഞ വിലയ്ക്ക്/സൗജന്യ നിരക്കിൽ നടത്തുന്ന ഭക്ഷ്യധാന്യങ്ങളുടെ വിതരണം പൊതുവിതരണശൃംഖല വഴിയുള്ള അരിയുടെ ഉപഭോഗം വർദ്ധിപ്പിക്കുന്നതിനും തദ്വാരാ പൊതുവിപണിയിൽ അരിയുടെ വിലനിലവാരം പിടിച്ചുനിർത്തുന്നതിനും സഹായിച്ചിട്ടുണ്ട്.

2. കേരള സ്റ്റേറ്റ് സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ കീഴിൽ മാവേലി സ്റ്റോറുകൾ, ശബരി സൂപ്പർ മാർക്കറ്റുകൾ എന്നിവ ആരംഭിച്ചിട്ടുണ്ട്. കൂടാതെ 1196 റേഷൻ വ്യാപാരസ്ഥാപനങ്ങൾ സപ്ലൈകോ ശബരി സ്റ്റോറുകളായി തെരഞ്ഞെടുത്ത് പ്രവർത്തിച്ചുവരുന്നു.

(ബി) കൂടുതൽ റേഷൻകടകളെ തെരഞ്ഞെടുത്ത് ശബരി സ്റ്റോറുകളായി പ്രവർത്തിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. കൂടാതെ പൊതുവിതരണ രംഗത്തെ ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി സിവിൽ സപ്ലൈസ് കോർപ്പറേഷൻ പ്രിവിലേജ് കാർഡ് എന്ന ഒരു പദ്ധതി ഫെബ്രുവരി 2006 മുതൽ നടപ്പിൽ വരുത്തുന്നു. കേരളത്തിലുടനീളം എല്ലാ ബി.പി.എൽ. കാർഡുടമകൾക്കും സൗജന്യമായി ഈ കാർഡ് നൽകുന്നു. മറ്റുള്ളവർക്ക് കാർഡൊന്നിന് 30 രൂപവച്ചും നൽകുന്നു. അതിലൂടെ ഇൻഷുറൻസ് പരിരക്ഷയും ബാങ്ക് ആനുകൂല്യങ്ങളും നിത്യോപയോഗസാധനങ്ങൾക്കുള്ള

LIBRARY ARCHIVES Kerala Legislative Assembly

വിലക്കിഴിവും ലഭിക്കുന്നു. ഭരണനവീകരണ പദ്ധതിയുടെ ഭാഗമായി ജനങ്ങൾക്ക് മെച്ചപ്പെട്ട സേവനം ലഭ്യമാകുമാറ് താലൂക്ക് സപ്ലൈ ആഫീസുകളിലും സിറ്റി റേഷനിംഗ് ആഫീസുകളിലും കമ്പ്യൂട്ടറൈസേഷൻ ഉൾപ്പെടെയുള്ള അടിസ്ഥാന സൗകര്യ വികസന പദ്ധതികൾ നടപ്പിലാക്കി വരുന്നു.

റോഡ് സുരക്ഷാസമിതിയുടെ റിപ്പോർട്ടിന്മേൽ നടപടി

4 [*43] ശ്രീ. റോഷി അഗസ്റ്റിൻ:
,, തോമസ് ചാഴികാടൻ:
,, കെ. നാരായണക്കുറുപ്പ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് വർദ്ധിച്ചുവരുന്ന റോഡപകടങ്ങൾ കുറയ്ക്കുന്നതിന് പദ്ധതി ആവിഷ്ക്കരിക്കാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) ഇത് സംബന്ധിച്ച് റോഡ് സുരക്ഷാസമിതി സർക്കാരിന് റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ നൽകുമോ;

(സി) അപകട മേഖലകളെപ്പറ്റി സർവ്വെ നടത്തിയിട്ടുണ്ടോ; വിശദാംശങ്ങൾ നൽകുമോ?

മരാമത്ത് വകുപ്പുമന്ത്രി (ശ്രീ. എം. കെ. മുനീർ):

(എ) ഉദ്ദേശിക്കുന്നുണ്ട്.

(ബി & സി) ഉണ്ട്.

ദേശീയപാതയിൽ അപകട മേഖലകളെക്കുറിച്ച് പഠനം നടത്തി അപകട മേഖലകളെ കണ്ടെത്തി വിശദമായ റിപ്പോർട്ട് റോഡ് സുരക്ഷാ സമിതിക്ക് സമർപ്പിച്ചിട്ടുണ്ട്. (ലിസ്റ്റ് അനുബന്ധമായി വച്ചിട്ടുണ്ട്).† ഇതുപ്രകാരം അപകട പ്രതിരോധ നടപടികൾ രണ്ടു ഘട്ടങ്ങളിലായി നടപ്പിലാക്കാൻ തീരുമാനിക്കുകയും ചെയ്തിട്ടുണ്ട്. ഒന്നാംഘട്ടത്തിൽ എൻ. എച്ച്. 47-ലും രണ്ടാം ഘട്ടത്തിൽ ഇതിൽ ഉൾപ്പെടാത്ത മറ്റു സ്ഥലങ്ങളിലും പഠനം നടത്തി പ്രതിരോധ നടപടികൾ സ്വീകരിക്കാനാണ് തീരുമാനിച്ചിരുന്നത്. അതുപ്രകാരം നാഷണൽ ഹൈവേ 47-ൽ 74 അപകട സ്ഥലങ്ങളും നാഷണൽ ഹൈവേ 17-ൽ 42-ഉം കണക്കിലെടുത്ത് പ്രതിരോധ നടപടികൾക്കായി 162 ലക്ഷം രൂപ വരുന്ന എസ്റ്റിമേറ്റ് തയ്യാറാക്കി കേരള സംസ്ഥാന ഗതാഗത പദ്ധതിയുടെ ആഫീസ് മുഖേന (കെ.എസ്.റ്റി.പി.) ഒന്നാംഘട്ടത്തിൽ മോണിറ്ററിംഗ് കമ്മിറ്റി വിഭാവനം ചെയ്ത പണികൾ പുരോഗമിച്ചുവരുന്നു. നാഷണൽ ഹൈവേ 47-ൽ തിരുവനന്തപുരം മുതൽ കൊല്ലം വരെ മോഡൽ റോഡായി സംരക്ഷിത പണികൾ പുരോഗമിച്ചുവരുന്നു. മറ്റ് പൊതുമരാമത്ത് റോഡിലെ അപകടസാദ്ധ്യത കൂടിയ സ്ഥലങ്ങളിലെ പ്രതിരോധ നടപടികൾക്കുള്ള വിശദവിവരങ്ങൾ തയ്യാറാക്കാൻ അപകട സ്ഥലങ്ങളിലെ എക്സിക്യൂട്ടീവ് എഞ്ചിനീയർമാരെ ചുമതലപ്പെടുത്തിയ പ്രകാരം പണികൾ ചെയ്യുവാനുള്ള പദ്ധതികൾ ശ്രുതഗതിയിൽ നടന്നുവരുന്നു.

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly